**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 117** **12-01-2021 - ൽ മറുപടിയ്ക്ക്**

**പോക്സോ കേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഷാനിമോൾ ഉസ്മാൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് കുട്ടികൾക്കെതിരായുള്ള ലൈംഗിക അതിക്രമങ്ങൾ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ (PoCSO Act Cases) 2016 മുതൽ 2019 വരെ വർദ്ധിച്ചുവരുന്നതായും, 2020 വർഷത്തിൽ 2019 നെ അപേക്ഷിച്ച് കുറവ് വന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | 2016 ജൂൺ മുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര പോക്സോ കേസുകൾ രജിസ്റ്റർ ചെയ്തുവെന്നും ഇതിൽ എത്ര കേസുകളിൽ കോടതിയിൽ ചാർജ്ജ് ഷീറ്റ് നൽകിയെന്നും എത്ര കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടുവെന്നുമുള്ള വിശദാംശങ്ങൾ നൽകുമോ; | (ബി) | 2016 ജൂൺ മുതൽ നാളിതുവരെ സംസ്ഥാനത്ത് 13920 പോക്സോ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 11138 കേസുകളിൽ കോടതിയിൽ ചാർജ്ജ് ഷീറ്റ് നൽകിയിട്ടുണ്ട്. ആകെ 203 കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്. |
| (സി) | പോക്സോ കേസുകളിൽ അന്വേഷണം സമയബന്ധിതമായി പൂർത്തീകരിച്ച് ചാർജ്ജ് ഷീറ്റ് നൽകുവാൻ നിർദ്ദേശം നൽകുമോ? | (സി) | റിപ്പോർട്ടാകുന്ന പോക്സോ കേസുകളിൽ സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ